മി. സ്പീക്കർ: ഓർഡർ.......... ഓർഡർ........ ചോദ്യം നമ്പർ *121

## കാർഷികനയം

*121. ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. സി. കെ. നാണു
ശ്രീമതി ജമീല പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് മുൻപിൽ സമർപ്പിക്കപ്പെട്ട കരട് കാർഷികനയം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) നടപ്പിലാക്കാതെ മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന ഇൻകം ഗ്യാരന്റി ആക്റ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കാർഷിക ഉത്പന്നങ്ങളുടെ സംഭരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ ഓഹരി അവകാശം കർഷകന് ഉറപ്പാക്കണമെന്ന നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ,

എ) സംസ്ഥാന കാർഷിക വികസന നയ രൂപീകരണ സബ് കമ്മിറ്റി ചെയർമാൻ സമർപ്പിച്ച കരട് കാർഷിക നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ബി) അംഗീകരിച്ച എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതാണ്.

സി) അംഗീകരിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മാറ്റി വയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ഡി) ഉണ്ട്

ഇ) സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായിരുന്ന കാർഷിക വികസനനയ രൂപീകരണ സബ്കമ്മിറ്റി ഒരു നയം ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ട് ഒരു വർഷത്തിലധികമായി. ആ നയം അംഗീകരിച്ചു എന്ന് പറയുന്നത് സഭയിൽ ഈ ചോദ്യം ഉന്നയിച്ചശേഷം അതിന് ഉത്തരം പറയുന്നതിന് മുൻപാണ്. ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്ന് ചോദിച്ചതിന് അംഗീകരിച്ച എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കും എന്നാണ് ഉത്തരം നൽകിയിട്ടുള്ളത്. ഞങ്ങളുടെ ചോദ്യം ഏതെങ്കിലും നിർദ്ദേശങ്ങൾ അംഗീകരിക്കാതെ മാറ്റിവച്ചിട്ടുണ്ടോ; റിപ്പോർട്ട് മുഴുവനായി അംഗീകരിച്ചോ; അംഗീകരിച്ചെങ്കിൽ കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന ഇൻകം ഗ്യാരന്റി ആക്ട് എന്നു മുതലാണ് നടപ്പിലാക്കുന്നത്; ഇത് ഓർഡിനൻസ് മുഖേനയാണോ നിയമ നിർമ്മാണത്തിലൂടെയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, കാർഷികനയം അംഗീകരിച്ചിട്ടുണ്ട്. കർഷകർക്ക് വരുമാനം ഉറപ്പാക്കൽ നിയമം (ഇൻകം ഗ്യാരന്റി ആക്ട്) നടപ്പിലാക്കുക എന്നതാണ് നയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. അതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഞാൻ ചോദിച്ചതിന് ഉത്തരം പറഞ്ഞില്ല. ആ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ മാറ്റിവച്ചു, ഏതെല്ലാം നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു എന്ന് ഒരു വിശദമായ ഉത്തരത്തിലൂടെ ഈ സഭയെ അറിയിക്കാൻ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിലൂടെ ഉണ്ടാകുന്ന ലാഭം - അതാണ് ഇവിടത്തെ പ്രശ്നം. റബ്ബറിന് വിലയില്ല, ടയറിന് വിലയുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിലൂടെ വൻകിടക്കാർ ലാഭമുണ്ടാക്കുന്നു, കർഷകന് ലാഭം ഉണ്ടാകുന്നില്ല. കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ വിഹിതം കർഷകന് ഉറപ്പാക്കണമെന്ന നിർദ്ദേശം സ്വീകരിച്ചിട്ടുണ്ട് എന്ന് പറയുമ്പോൾത്തന്നെ അത് എങ്ങനെയാണ് നടപ്പാക്കുന്നത് എന്ന കാര്യത്തെ സംബന്ധിച്ച് ഒരു വ്യക്തത വേണം. സംസ്കരിച്ചുണ്ടാക്കുന്ന ലാഭം വൻകിടക്കാർ കൊയ്തെടുക്കുമ്പോൾ ആ ലാഭത്തിന്റെ ഒരു വിഹിതം ഉല്പാദിപ്പിക്കുന്ന കർഷകന്

ഉറപ്പാക്കിക്കൊടുക്കുവാൻ ഫലപ്രദമായ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിച്ചാൽ മാത്രമേ കർഷകർ കാർഷിക മേഖലയിൽ നിലനില്ക്കുകയുള്ളൂ. എന്നാൽ ഈ ഉല്പന്നങ്ങളുടെ ലാഭം ലഭിക്കുന്നത് ഇടനിലക്കാർക്കും വ്യാപാരികൾക്കും ഉല്പന്ന സംസ്കരണം/വിപണനം നടത്തുന്നവർക്കുമാണ്. വിപണി നിലവാരം പരിശോധിച്ചാൽ കർഷകർക്ക് അടിസ്ഥാനപരമായ വില മാത്രമേ അവരുടെ ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്നുള്ളൂ എന്ന വസ്തുത വ്യക്തമാകും. എന്നാൽ ഉല്പന്നം സംസ്കരിച്ച് വിപണിയിലെത്തുമ്പോൾ അതിന്മേലുള്ള ലാഭം ഏതാണ്ട് മൂന്നിരട്ടിയിലേറെ വർദ്ധിക്കുന്നതായി കാണാം. ഉദാഹരണത്തിന് വിഖ്യാതമായ മട്ട അരി വില്ക്കുമ്പോൾ കർഷകന് ഒരു കിലോയ്ക്ക് 22.60 രൂപയാണ് ലഭിക്കുക. എന്നാൽ മെട്രോ വിപണികളിൽ അതിന് 65 മുതൽ 70 രൂപ വരെ വില കാണും. വിപണനലാഭ വ്യത്യാസം ഇടനിലക്കാർക്കും വ്യാപാരികൾക്കും ലഭിക്കുന്നു. എന്നാൽ ഇതിൽ ഉല്പാദകനായ കർഷകന് തുച്ഛമായ വരുമാനം മാത്രമേ ലഭിക്കുകയുള്ളൂ. അതിനാൽ നീതിയുക്തവും നിയമപരവുമായ ഒരവകാശം ഉല്പാദകനായ കർഷകന് ഈ ലാഭത്തിനുമേൽ ഉണ്ട്. ആ അവകാശം

നിയമപരമായി ഉറപ്പാക്കുന്നതിനാണ് സർക്കാർ ഈ നയം രൂപീകരിച്ചിട്ടുള്ളത്. അത് നടപ്പിലാക്കാനുള്ള ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. ജോസ് തെറ്റയിൽ : സർ, ശ്രീ. കെ. കൃഷ്ണൻകുട്ടി കേരളത്തിലെ അറിയപ്പെടുന്ന ഒരു കർഷകനും സഭയിലെ അംഗമായിരുന്ന ആളുമാണ്. പ്രായോഗിക പരിജ്ഞാനമുള്ള ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹം നിരവധി കാര്യങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും അവയിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചില്ല. എന്നാൽത്തന്നെയും ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ പലപ്പോഴും പല വകുപ്പുകളുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പുമായും ഫിഷറീസ് വകുപ്പുമായും എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; അവർക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടോ; തകർന്നുകിടക്കുന്ന കാർഷികമേഖലയെ ഉദ്ധരിക്കുന്നതിന് ഇത്തരത്തിലുള്ള സമഗ്രമായ കൂടിയാലോചനകൾ നടത്തി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മുൻ എം.എൽ.എ.യും

കർഷകനുമായിട്ടുള്ള ശ്രീ. കെ. കൃഷ്ണൻകുട്ടി ഇതിന് ഏറ്റവും ഉചിതമായിട്ടുള്ള വ്യക്തിയാണ് എന്ന് കണ്ടതുകൊണ്ടാണ് സർക്കാർ അദ്ദേഹത്തെ ഇതിന്റെ ചെയർമാനായി നിയമിച്ചത്. അങ്ങ് സൂചിപ്പിച്ചതുപോലെ ഡയറി വകുപ്പും ഗ്രാമ വികസന വകുപ്പും ഫിഷറീസ് വകുപ്പുമെല്ലാം ഇതിന്റെ അനുബന്ധമായി വരുന്നുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ പറയുന്ന നിർദ്ദേശങ്ങളും കൂടി അംഗീകരിച്ചുകൊണ്ടാണ് കാർഷികനയം രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിലെ നിർദ്ദേശങ്ങളിൽ വന്ന ചില അപാകതകളൊക്കെ പരിഹരിച്ചിട്ടുണ്ട്. ഏതെല്ലാം നിർദ്ദശങ്ങമാണ് മാറ്റിവച്ചത് എന്നതിനെക്കുറിച്ചുള്ള വിശദവിവരം എല്ലാ അംഗങ്ങൾക്കും സർക്കുലേറ്റ് ചെയ്യുന്നതാണ്, അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

<u>ശ്രീ. സി. കെ. നാണു:</u> സർ, കാർഷികമേഖലയിൽ നിന്ന് മാറിപ്പോകുന്ന കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും കാർഷികമേഖലയിൽത്തന്നെ നിലനിർത്തുന്നതിനാവശ്യമായ രൂപത്തിൽ അവർക്ക് വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മാത്യു റ്റി. തോമസിന്റെ ചോദ്യത്തിനുത്തമായി ഞാൻ ആദ്യം പറഞ്ഞതാണ്.

രണ്ട് കാര്യങ്ങളാണ് - ഒന്ന്, ഇൻകം ഗ്യാരന്റി ആക്ട് - അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുക; രണ്ടാമത്, അവകാശ ലാഭം-ഉല്പന്നത്തിന് ലഭിക്കുന്ന വിലയുടെ ഇത്ര ശതമാനം കർഷകർക്കുകൂടി കിട്ടണം എന്നതാണ്.

ശ്രീമതി ജമീല പ്രകാശം: സർ, കാർഷികവികസന പരിപാടികൾ സമഗ്രമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുകയും കർഷകരുടെ ക്ഷേമം ഉറപ്പുവരുത്താനുള്ള വിവിധയിനം പരിപാടികൾ അവരുടെ അഭിപ്രായങ്ങളുംകൂടി സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുകയും ചെയ്യുക എന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. 06.03.2015 തീയതിൽ രാവിലെ 11.30-ന് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ വച്ച് സംസ്ഥാനതല കാർഷികവികസന സമിതി യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും വകുപ്പുമന്ത്രി ആമുഖ പ്രസംഗം നടത്തുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഇരിക്കുമെന്നുമാണ് ഞങ്ങൾക്ക് കിട്ടിയ കത്തുകളിൽ പറഞ്ഞിരുന്നത്. ഞാനും ആ സമിതിയിലെ ഒരു അംഗമാണ്. അതുകൂടാതെ, സർവ്വശ്രീ. ആര്യാടൻ മുഹമ്മദ്, പി. ജെ. ജോസഫ്, സി. എൻ. ബാലകൃഷ്ണൻ, കെ. സി. ജോസഫ് , മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്ബ്, ഡോ. എം. കെ. മുനീർ തുടങ്ങിയ ബഹുമാന്യരായ 7 മന്ത്രിമാരും

പങ്കെടുക്കുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമല്ലാതെ മറ്റ് മന്ത്രിമാരൊന്നും യോഗത്തിൽ പങ്കെടുത്തില്ല. യോഗത്തിൽ 15 മിനിറ്റ് മാത്രം പങ്കെടുത്തതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പോയി. കാർഷികമേഖലയ്ക്ക് വളരെ അത്യാവശ്യമായ സേവനങ്ങൾക്ക് ലിങ്കേജ് കൊടുക്കുന്ന പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെ അസാന്നിദ്ധ്യം അവർക്ക് കാർഷിക വികസന പരിപാടികളിൽ താല്പര്യം ഇല്ലാത്തതുകൊണ്ടാണോ; അതോ കൃഷിവകുപ്പുമന്ത്രി അവരെ അറിയിക്കാതെ അവരുടെ പേരുകൾ വെറുതെ ചേർത്തതാണോ; അതല്ല ഈ കാർഷിക വികസന കരട് നയം ഒരു ഭോഷ്ക്ക് ആയി ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണോ എന്ന് വ്യക്തമാക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അദ്ധ്യക്ഷത വഹിച്ചത്. അന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനമായിരുന്നു. അതുമായി ബന്ധപ്പെട്ട് ചില ചർച്ചകൾ നടത്തേണ്ടതുകൊണ്ട് ചില അസൗകര്യങ്ങളുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ എന്നോട് പറഞ്ഞിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽപ്പോലും, യോഗത്തിൽ പങ്കെടുക്കുന്ന കർഷകരും അവരുടെ നേതാക്കന്മാരും കാർഷികവികസന സമിതി അംഗങ്ങളും പറയുന്ന

കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾ കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. 2015 മേയ് മാസം 4-ാം തീയതി വളരെ വിപുലമായ ഒരു കാർഷിക വികസന സിമിതിയോഗം പ്രത്യേകമായി ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പാലോട് രവി: സർ, ഈ നയത്തിലെ പ്രധാനപ്പെട്ട ഭാഗം കൃഷിക്കാരന്റെ ഉല്പന്നം ഏതു തട്ടിൽ വിറ്റാലും അതിന്റെ ലാഭം കൃഷിക്കാരന് കിട്ടണം എന്നതാണ്. ആ നയം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ പാലക്കാട്, കുട്ടനാട് മേഖലകളിൽ ഉല്പാദിപ്പിക്കുന്ന അരി, സംസ്ഥാനത്തുല്പാദിപ്പിക്കുന്ന നാളികേരം എന്നിവ ഉൾപ്പെടെയുള്ള രണ്ടോ, മൂന്നോ ഐറ്റങ്ങളെങ്കിലും കേരളത്തിലോ ഇൻഡ്യയിലോ ഏത് തട്ടിൽ വിറ്റാലും അതിന്റെ ലാഭവിഹിതം കർഷകന് ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് ഈ സാമ്പത്തികവർഷം നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഇതിൽ പ്രഥമ പരിഗണന നെൽകർഷകർക്കാണ് നല്കുന്നത്. വിപണനത്തിൽനിന്ന് നിന്ന് ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം നെൽകർഷകർക്ക് ലഭിക്കണം എന്നതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, കൃഷ്ണൻകുട്ടി കമ്മീഷൻ റിപ്പോർട്ട് ഈ നിയമസഭ

ചർച്ച ചെയ്തിട്ട് ഏകദേശം ഒരു വർഷമാകുന്നു, അത് അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം തുടർ നടപടിയൊന്നുമുണ്ടായിട്ടില്ല. മാത്രമല്ല കാർഷിക മേഖലയിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നയത്തിന്റെ ഭാഗമായി ഉല്പാദനച്ചെലവ് നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ കാർഷികോല്പന്നങ്ങൾ അതിനൊത്ത വിലയ്ക്ക് സംഭരിക്കാൻ സർക്കാർ തയ്യാറാകുമ്പോൾ മാത്രമേ കൃഷിക്കാരന് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. കാർഷിക വിദഗ്ദ്ധനായ ഡോ. സ്വാമിനാഥൻ പറഞ്ഞിട്ടുള്ളത് ഉല്പാദനച്ചെലവിന്റെ ഒന്നരയിരട്ടി വില കൊടുത്ത് കൃഷിക്കാരിൽനിന്ന് അവർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കണമെന്നാണ്. ഉല്പാദനച്ചെലവ് വർദ്ധിക്കുമ്പോഴൊക്കെ അതിനാനുപാതികമായി സംഭരണവിലയിൽ വർദ്ധനവ് നൽകാൻ സർക്കാർ തയ്യാറായാൽ മാത്രമേ കൃഷിക്കാരെ കൃഷിയിൽ ഉറപ്പിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. നെല്ലിന് രണ്ടുമൂന്നു കൊല്ലമായി ഒരേ സംഭരണവിലയാണ് ഇവിടെ നടപ്പിലാക്കിയിരിക്കുന്നത്. ഉല്പാദനച്ചെലവ് ഉയർന്നതോതിൽ വർദ്ധിച്ചിച്ചുകൊണ്ടിരിക്കുന്നു. ഡീസലിന് വില വർദ്ധിപ്പിക്കുന്നു, ട്രാക്ടറിന്റെയും കൊയ്ത്ത് മെഷീനിന്റെയും വാടക, കൂലിച്ചെലവ്, രാസവളത്തിന്റെ വില എന്നിവ അനുസ്യൂതം വർദ്ധിച്ചുകൊണ്ടേയിരിക്കും. പക്ഷേ സംഭരണവില മാത്രം വർദ്ധിക്കുന്നില്ല. അതുകൊണ്ട് ഡോ. സ്വാമിനാഥന്റെ

നിർദ്ദേശമനുസരിച്ച് ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടിയാക്കി സംഭരണ വില നിശ്ചയിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതിൽ ഒരു തെറ്റുണ്ട്. സംഭരണ വില എല്ലാ വർഷവും ഓരോ രൂപ കൂട്ടിയിട്ടാണ് 19 രൂപയിൽ എത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷമാണ് 18 രൂപയിൽനിന്ന് 19 രൂപയാക്കിയത്. ഉല്പാദനചെലവിനോടൊപ്പം 50 ശതമാനമെന്നതാണ് ഇൻകം ഗ്യാരന്റിയെന്നു പറയുന്നത്. അതോടൊപ്പം ഉല്പാദന ചെലവിൽ ഓരോ വർഷം കൂടുമ്പോഴുമുണ്ടാകുന്ന വർദ്ധനവിനനുസരിച്ചുള്ള മാറ്റങ്ങളുമുണ്ടാകും. മാറ്റങ്ങൾ ഉണ്ടാകണമെന്നുതന്നെയാണ് നയത്തിൽ പറയുന്നത്. അത് നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സർക്കാരിന് ഒരു ദിശാബോധമില്ലാത്തതുപോലെയാണ് കാർഷിക നയത്തിന്റെ പോക്ക് കണ്ടാൽ മനസ്സിലാകുക. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇടുക്കി പാക്കേജ്. ഇത് പൂർണ്ണ പരാജയമായി മാറിക്കഴിഞ്ഞു. അങ്ങനെയൊരു പാക്കേജ് ഇല്ലെന്നാണ് വകുപ്പുകളുമായി ബന്ധപ്പെടുമ്പോൾ നമുക്ക് ലഭിക്കുന്ന മറുപടി. ഏതാണ്ട് 1500 കോടി രൂപയുടെ പ്രോജക്ടായിരുന്ന ഇടുക്കി പാക്കേജിൽ നാണ്യ വിളകൾക്ക് താങ്ങുവില

നൽകുന്നതിന് 250 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. എന്റെ ചോദ്യം, ഇടുക്കി പാക്കേജ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇടുക്കി പാക്കേജിന് തുല്യമായി മറ്റൊരു പദ്ധതി പ്രഖ്യാപിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. പി. മോഹനൻ: സർ, സർക്കാരിന്റെ കാർഷിക നയവുമായി ബന്ധപ്പെടാത്തതാണ് എങ്കിൽപോലും ഇടുക്കി പാക്കേജ് അതിന്റേതായ രൂപത്തിൽത്തന്നെ നടന്നുവരുന്നുണ്ട്. അതിന്റെ ചില കമ്പോണൻസ് മാത്രം കുറച്ച് മാറിപ്പോയി എന്നതേയുള്ളൂ. അവിടെയുണ്ടായ പ്രശ്നങ്ങളിലൊന്ന്, റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള നോംസ് പരിഗണിക്കാൻ കഴിയാത്തതുകൊണ്ട് നീണ്ടുപോയതാണ്. ദിശാബോധമില്ല എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായില്ല. ഇടുക്കി പാക്കേജിന്റെ കാര്യത്തിൽ കുറച്ചുകൂടി ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ഡോ. എൻ. ജയരാജ്: സർ, കാർഷിക നയം ചർച്ചചെയ്യാൻ കഴിഞ്ഞ സമ്മേളന കാലത്ത് നമുക്ക് സാധിക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഏറെ മുൻകയ്യെടുത്താണ് ഈയൊരാശയം മുന്നോട്ട് വച്ചത്. കാർഷിക നയം എന്ന ആശയത്തിന് മുൻകയ്യെടുത്ത കൃഷിവകുപ്പുമന്ത്രിയെ ആത്മാർത്ഥമായി ഞാൻ അഭിനന്ദിക്കുകയാണ്. കാർഷിക നയത്തിന്റെ ഭാഗമായി

ജൈവകൃഷിടെ പ്രോത്സാഹിപ്പിക്കും എന്നാണ് നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. ജൈവകാർഷിക സംസ്കാരത്തിലേക്കുള്ള കടന്നുവരവ് ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട വെല്ലുവിളിയായി ജനങ്ങൾ ഏറ്റെടുത്തിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്; എന്തൊക്കെ പുതിയ നയങ്ങളാണ്/നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, ജൈവ കൃഷിയെക്കുറിച്ച് പറയുകയാണെങ്കിൽ നമ്മുടെ പഴയ കാലത്തെ കാർഷിക സംസ്കാരത്തിലേക്ക് തിരിച്ചുവരുക എന്നതാണ് ലക്ഷ്യമിടുന്നത്. അതിനായി എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.-മാർ മുൻകൈയെടുത്ത് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും അനുബന്ധ ഉദ്യോഗസ്ഥന്മാരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ആ മണ്ഡലത്തെ സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലമാക്കി മാറ്റുന്നതിനും അങ്ങനെ ആ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളും സമ്പൂർണ്ണ ജൈവ കാർഷിക പഞ്ചായത്താക്കി മാറ്റാനും 2016 അവസാനിക്കുന്നതോടുകൂടി സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി

കേരളത്തെ മാറ്റുകയും ചെയ്യാനാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും കൃഷിവകുപ്പ് നടത്തുന്നുണ്ട്.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, കേരളം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം വിഷം തളിച്ച ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതാണ്. ഏറ്റവും കൂടുതൽ വിഷം നമ്മുടെ ഉള്ളിലേക്ക് എത്തുന്നത് അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്ന പച്ചക്കറിയിലൂടെയാണ്. നമ്മുടെ നാട്ടിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന ഒരു സംസ്കാരം വരാത്തിടത്തോളംകാലം ഇത് തുടരുകയല്ലാതെ വേറെ മാർഗ്ഗമില്ല. പഴയകാലത്ത് പച്ചക്കറിയിൽ തളിച്ചിട്ടുള്ള വിഷം ഒഴിവാക്കുന്നതിനുവേണ്ടി മഞ്ഞൾവെള്ളത്തിൽ കഴുകിയിരുന്നു. ആധുനിക കാലഘട്ടത്തിൽ ഹോർട്ടികോർപ്പോ കാർഷിക സർവ്വകലാശാലയോ അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന പച്ചക്കറികളിൽ തളിയ്ക്കപ്പെട്ട വിഷം ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടോ; അതിനുള്ള ശ്രമം നടക്കുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, വിഷം തളിച്ച പഴം/പച്ചക്കറികൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ നാല് മേഖലകളിലായി പരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും

പരിശോധനാ ലാബുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വളരെയധികം സാമ്പത്തിക ബാധ്യതയുള്ളതുകൊണ്ടാണ് പെട്ടെന്ന് നടപ്പിലാക്കാൻ സാധിക്കാത്തത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും നടപ്പിലാക്കും. കൂടാതെ, അന്യസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന പച്ചക്കറികൾ പരിശോധിക്കാൻവേണ്ടി കേരളത്തിലെ ചില ചെക്ക്പോസ്റ്റുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ഇവിടെ പറഞ്ഞ മഞ്ഞൾ ലായനി വളരെ പ്രധാനപ്പെട്ടതാണ്. വളരെയധികം ഔഷധമൂല്യമുള്ള മഞ്ഞൾ ഉപയോഗിച്ചുകൊണ്ട് കുറച്ചധികം വിഷാംശം ഇല്ലാതാക്കാൻ സാധിക്കും. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 90 ശതമാനവും ജൈവകീടനാശിനി മാത്രം ഉപയോഗിച്ചുകൊണ്ടുള്ളതാണെന്ന് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയും ഐ.സി.എ.ആർ.-ഉം കൂടി കഴിഞ്ഞ 6 മാസത്തിനിടയിൽ നടത്തിയ പരിശോധനയിൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, പാരമ്പര്യമായി കൃഷി അവലംബിച്ചിട്ടുള്ള കുടുംബങ്ങളിലെ പുതിയ തലമുറ ഇന്ന് ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. കാരണം കൃഷിചെയ്താൽ നഷ്ടമല്ലാതെ ലാഭമുണ്ടാകില്ലെന്നും ഇതിന് ഭാരിച്ച ചെലവുകളാണെന്നുമുള്ള ചിന്തകളാണ് ചെറുപ്പക്കാരെ ഈ രംഗത്തേയ്ക്ക് കടന്നുവരാൻ

വിമുഖരാക്കുന്നത്. അത്തരത്തിലുള്ള പുതിയ തലമുറയെ പ്രത്യേകിച്ചും തൊഴിൽരഹിതരായിട്ടുള്ള ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിപ്പിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക; ഇത്തരം പദ്ധതികളെന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, വിദ്യാർത്ഥികൾ വഴി വിദ്യാലയങ്ങളിൽ പച്ചക്കറികൾ കൂടുതൽ ഉല്പാദിപ്പിക്കാൻവേണ്ടിയുള്ള ശക്തമായൊരിടപെടൽ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതോടൊപ്പം പുതിയ തലമുറയ്ക്ക് എന്റർപ്രണർഷിപ്പിനുവേണ്ടിയിട്ടുള്ള സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ട് ഗൾഫ് മേഖലയിൽ പ്രവർത്തിക്കുന്നവരുടെയും കേരളത്തിലെ പുതിയ തലമുറയിലും പുതിയ ജനറേഷനിലുമുള്ള ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനം നൽകാനും അതിലൂടെ കാർഷികോല്പാദന രംഗത്തേക്ക് വരാനുമുള്ള ഏറ്റവും നല്ല ഇടപെടൽ ഉണ്ടായിട്ടുണ്ട്. അതിന് പ്രത്യേക ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടടക്കം സ്ഥാപിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്.

ശ്രീ. എം. ഹംസ: സർ, കാർഷിക നയത്തിന്റെ ഭാഗമായി ഏറ്റവും പ്രധാനപ്പെട്ടത് കാർഷികോല്പന്നങ്ങൾക്ക് കാലോചിതമായിട്ടുള്ള വില നിശ്ചയിക്കുക എന്നുള്ളതാണ്. 2006-ൽ ഒരു കിലോ നെല്ലിന് 7 രൂപയായിരുന്ന

സംഭരണവിലയെങ്കിൽ 2011-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 100 ശതമാനത്തിലധികം വർദ്ധവ് നൽകിക്കൊണ്ട് അത് 15 രൂപയാക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ നെല്ലിന്റെ സംഭരണവില 19 രൂപയാണ്. അതായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ നാല് വർഷംകൊണ്ട് കേവലം 4 രൂപ മാത്രമാണ് വർദ്ധിച്ചത്. കാർഷിക നയത്തിന്റെ ഭാഗമായി നെല്ലിന്റെ സംഭരണവില 30 രൂപയായി പ്രഖ്യാപിക്കുമോ?

ശ്രീ. കെ. പി. മോഹനൻ : സർ, നേരത്തേ പറഞ്ഞതുപോലെ 4 വർഷം കൊണ്ട് ഓരോ വർഷവും ഓരോ രൂപ കൂട്ടുതലാക്കി കൊടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് കൂടുതൽ കൊടുക്കുന്നത്. കർഷകർക്ക് നൽകുന്ന 19 രൂപയിൽ 13.60 രൂപയാണ് കേന്ദ്രം തരുന്നത്, 5.40 രൂപ കൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. സംഭരണവില കൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് കഴിഞ്ഞദിവസത്തെ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞിരുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, കർഷകരുടെ വരുമാനം ഉറപ്പാക്കുന്നതോടൊപ്പം തന്നെ ചെലവിന്റെ കാര്യവും വളരെ പ്രാധാനപ്പെട്ടതാണ്. ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി മൾച്ചിംഗ് ഷീറ്റിനും ഇംപ്ലിമെന്റ്സിനും ഡ്രിപ്പ്

ഇറിഗേഷനും എല്ലാംതന്നെ ഇപ്പോൾ സബ്സിഡി നൽകുന്നുണ്ട്. ഇറിഗേഷനാവശ്യമായ എക്വിപ്മെന്റ്സിന്റെ വിലയിൽ തമിഴ്നാട്ടിലും കേരളത്തിലും വലിയ അന്തരമുണ്ട്. ഇവിടെ ഇരട്ടിയിലധികമാണ്. വയനാട് ഒരു കർഷകന് സ്ട്രോബറി കൃഷി ചെയ്യാൻ വേണ്ടി അൻപത് ശതമാനം സബ്സിഡി നൽകാമെന്ന് പറഞ്ഞു. അദ്ദേഹം അതിനുവേണ്ടി ക്വട്ടേഷൻ വാങ്ങിയപ്പോൾ ഏഴ് ലക്ഷത്തി തൊണ്ണൂറായിരം രൂപയാണ് കേരളത്തിൽ ജെയിൻ ഇറിഗേഷൻ സിസ്റ്റംസ് എന്ന സ്ഥാപനം നൽകിയ ക്വട്ടേഷൻ. അതേ സാധനം (ഡിറ്റോ ആപ്പിൾ-ടു-ആപ്പിൾ) തമിഴ്നാട്ടിൽ നിന്നും നാലുലക്ഷത്തി മുപ്പതിനായിരം രൂപയ്ക്കാണ് അദ്ദേഹം വാങ്ങിയത്. ഇത് ഗവൺമെന്റിനും കർഷകനും നഷ്ടമാണ്. അതു മാത്രമല്ല തമിഴ്നാട്ടിൽ നിന്നും വാങ്ങിയതിനാൽ അദ്ദേഹത്തിന് സബ്സിഡി നൽകിയിട്ടുമില്ല. ഇത്തരത്തിൽ ചില ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; എക്യുപ്മെന്റ്സിനും ഇംപ്ലിമെന്റ്സിനുമെല്ലാം ഇരട്ടിയിൽ അധികം വിലയാണ് കേരളത്തിൽ നിന്നും ഈടാക്കുന്നത്. ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ.പി. മോഹനൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രസക്തമായ ചോദ്യമാണ്. ഇവിടെ റോ മെറ്റീരിയൽസിനുള്ള നികുതിയും

മറ്റുകാര്യങ്ങളും വ്യത്യസ്തമാണ്. വളരെയേറെ വ്യത്യാസമുണ്ടെന്ന് അദ്ദേഹം തന്നെ ഇതിനുമുമ്പ് സൂചിപ്പിച്ചതിന്റെ പശ്ചാതലത്തിൽ അന്വേഷണം നടത്തുകയും പരിഹാരമെന്ന നിലയിൽ വളരെ കുറഞ്ഞ ചെലവിൽ ഇവ നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. അതോടൊപ്പംതന്നെ ഉയർന്ന സബ്സിഡിയും കേരളത്തിൽ കൊടുക്കുന്നുണ്ട്. സൊസൈറ്റികൾക്ക് എഴുപത്തിയഞ്ച് ശതമാനവും വ്യക്തികൾക്ക് അൻപത് ശതമാനവുമാണ് ഇവിടെ സബ്സിഡി കൊടുക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ സബ്സിഡി കുറവാണ്. കേരളത്തിൽ റോ മെറ്റീരിയൽസിന്റെ വില മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ടാണ് ഹൈടെക് ഫാമിനും പോളി ഹൗസിനും ഇവിടെ ചെലവ് കൂടുതൽ വരുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കാർഷിക നയത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഒരു ഉൽപ്പന്നത്തിന്റെ high end-ലെ വിലയുടെ ഒരു പങ്ക് ലാഭമായി കർഷകന് അവകാശപ്പെട്ടതെന്നാണ്. അത് നടപ്പാക്കണമെങ്കിൽ ഒരുപാട് സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ട്. ഞാൻ മനസ്സിലാക്കിയത്, ഇതിനായി മാത്രനിയമം കേരളത്തിൽ ഉണ്ടാക്കേണ്ടി വരും. രണ്ടുമൂന്ന് നിയമഭേദഗതികളും ബഡ്ജറ്റ് വിഹിതവും വേണ്ടിവരും. നമ്മുടെ പല ഉൽപ്പന്നങ്ങളും high end

ഉൽപ്പന്നങ്ങളായി മാറുമ്പോൾ അവ മുംബെയിലേയും വിദേശങ്ങളിലെയും ഉൽപ്പന്നങ്ങളായി മാറുകയാണ്. നിയമവകുപ്പുമായി ആലോചിച്ച് അക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നിയമത്തിന്റെ നക്കൽ തയ്യാറാക്കിയിട്ടുണ്ടോ; അതിന് ആരംഭം കുറിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നിയമം കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. കെ.പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. ഇതിനെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി ഏകദേശം നാൽപ്പതുലക്ഷം ടൺ അരിയാണ് കേരളത്തിന്റെ വാഷിക ഉപഭോഗം. ഇവിടെ വിൽക്കപ്പെടുന്ന ഓരോ കിലോഗ്രാം അരിയ്ക്കും അതിന്റെ ലാഭത്തിൽനിന്നും ഒരു രൂപാവീതം കർഷകർക്കു നൽകിയാൽ ഏകദേശം നാനൂറ് കോടി രൂപ ലഭിക്കും. അത്തരത്തിൽ ഒരു അവകാശ ലാഭ നിധി രൂപീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. അത് രൂപീകരിക്കുന്നതിന് ധനവകുപ്പിന്റെ സഹായം വേണ്ടിവരും.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ഉൽപ്പന്നങ്ങളുടെ വൈവിധ്യം കണക്കിലെടുക്കുമ്പോൾ സമഗ്ര കാർഷിക മേഖലയ്ക്ക് പൊതുവായി ഒരു കാർഷിക നയം രൂപീകരിക്കുന്നത് പ്രായോഗികമല്ല. നെല്ല്, നാളികേരം, പച്ചക്കറികൾ,

കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ വ്യത്യസ്തമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് കർഷകരെ സഹായിക്കാനുള്ള രീതികളും അവയുടെ സംഭരണ രീതികളും വ്യത്യസ്തമാണ്. മാത്രമല്ല, ആഗോള നിലവാരം അനുസരിച്ചുപോലും ഇവയുടെ വിലകളിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് സമഗ്രമായ ഒരു കാർഷിക നയം രൂപകൽപ്പന ചെയ്യുമ്പോൾ, വ്യത്യസ്തങ്ങളായ ഈ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും സംഭരണത്തിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും വ്യത്യസ്തമായ രീതികൾ അവലംബിച്ചുകൊണ്ടുള്ള ഒരു നയം രൂപീകരിക്കുന്നതിന് സർക്കാർ പ്രത്യകമായി ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കർഷകർ നേരിട്ടിരുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ ഉല്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ സൗകര്യം ഇല്ലായിരുന്നുവെന്നതാണ്. അന്യ സംസ്ഥാനക്കാർ ഇവിടെ നിന്നും വാങ്ങിച്ചുകൊണ്ടുപോകുന്നതല്ലാതെ ഉല്പന്നങ്ങൾക്ക് ഈ സംസ്ഥാനത്ത് വിപണി ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ സർക്കാർ വളരെയധികം പ്രാധാന്യം നൽകിയത് ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനുമാണ്. ചക്കയും മാങ്ങയും ഉൾപ്പെടയുള്ള പഴവർഗ്ഗങ്ങളും

പച്ചക്കറികളും സംസ്കരിച്ച് സേഫ്-ടു-ഈറ്റ് എന്ന കേരള മോഡൽ പ്രത്യേക ബ്രാൻഡ് ആയി പുറത്തിറക്കിയിരിക്കുകയാണ്. അതോടൊപ്പംതന്നെ, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ തോറും പച്ചക്കറി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ആ ക്ലസ്റ്ററുകളിൽ കൂടി ഉൽപ്പാദിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എല്ലാ പഞ്ചായത്തിലും ഒന്നരലക്ഷം രൂപ ചെലഴിച്ച് ഒരോ ചന്ത ഉണ്ടാക്കി കൊടുത്തിരിക്കുകയാണ്. ഓരോ പഞ്ചായത്തിലും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അവിടെത്തന്നെ വിപണി കണ്ടെത്താം. കൂടുതലുള്ളത് ഹോർട്ടികോർപ്പ് സംഭരിച്ചുകൊണ്ട് പൊതുവിപണിയിലേയ്ക്ക് എത്തിക്കുന്നുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ഏതൊരു തരത്തിലുള്ള കാർഷിക നയമായാലും അതിന്റെ ലക്ഷ്യം ഉൽപ്പാദന മേഖലയ്ക്ക് ഉത്തേജനവും കർഷകർക്ക് പ്രയോജനം ലഭിക്കലുമാണ്. അത് ലക്ഷ്യമാക്കിയാണ് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വയനാട്, കുട്ടനാട്, അട്ടപ്പാടി എന്നീ മേഖലകളിൽ അന്നത്തെ കൃഷിവകുപ്പുമന്ത്രി ശ്രീ ശരത് പവാർ മുൻകൈ എടുത്ത് പാക്കേജുകൾ പ്രഖ്യാപിച്ചത്. ഇടുക്കി പാക്കേജിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ വളരെയേറെ അവ്യക്തതയുണ്ട്. അതുപോലെ, വയനാട് പാക്കേജും കുട്ടനാട്

പാക്കേജും ഇപ്പോൾ നിലവിലുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, നിലവിലുള്ളത് തുടന്നുകൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട കേന്ദ്ര കൃഷിവകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും വാക്ക് തന്നിട്ടുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ട് പോകും. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളെക്കുറിച്ച് കേന്ദ്രം ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു, അത് കൊടുത്തിട്ടുണ്ട്. എന്തായാലും അതിന്റെ ഭാഗമായുള്ള തുടർ നടപടികൾ ഉണ്ടാകും.

ശ്രീ. സണ്ണി ജോസഫ്: സർ, കാർഷിക മേഖലയിൽ വിലത്തകർച്ച പോലെ തന്നെ പ്രാധാന്യമേറിയതാണ് വിള നാശവും. അത് പ്രകൃതിക്ഷോഭം വഴിയും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകാം. ഗവൺമെന്റ് വിള ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിച്ചുവെങ്കിലും ആ പ്രഖ്യാപനം പ്രാവർത്തിക തലത്തിൽ വന്നിട്ടുണ്ടോ? കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാരസംഖ്യ കുറയ്ക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് തിരുത്തിക്കൊണ്ട് കൃഷി നാശം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫലപ്രദമായ നടപടി സംസ്ഥാനം സ്വീകരിക്കുകയും അതിനായി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യുമോ?

ശ്രീ. കെ.പി. മോഹനൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും കർഷകർക്ക് വിളനാശം ഉണ്ടായാൽ കൊടുക്കുന്നതിന്റെ വിഹിതം കുറച്ചു. രണ്ടുവർഷം മുൻപ് ഒരു വാഴയ്ക്ക് നഷ്ടം സംഭവിച്ചാൽ നൂറ് രൂപ കൊടുക്കാൻ കേരള സർക്കാർ തീരുമാനിച്ചിരുന്നു. അതിന് മാറ്റം വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു, അതനുസരിച്ച് കേരള ഗവൺമെന്റും മുന്നോട്ടുപോയി. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ച് കൃഷി വകുപ്പിലൂടെ തന്നെ സഹായധനം നൽകാൻ തീരുമാനിച്ചിട്ടുമുണ്ട്. ഏകദേശം ഒരു മാസം കൊണ്ട് അതിന്റെ പൂർണ്ണതയിലേയ്ക്ക് എത്തും.

ശ്രീ. സി. കൃഷ്ണൻ: സർ, ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെക്കുറിച്ചും വിഷാംശം ഉൾപ്പെട്ട ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നതിനെക്കുറിച്ചും നേരത്തെ ചില അംഗങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. നെല്ല് സംഭരിച്ച് അരിയാക്കി വിൽക്കുമ്പോഴുള്ള അതിന്റെ വിലയെ സംബന്ധിച്ചും ഇവിടെ പറഞ്ഞു. ഈയടുത്ത ദിവങ്ങളിലായി മാർക്കറ്റിൽ പ്ലാസ്റ്റിക് അരി വിതരണം ചെയ്യുന്നത് സംബന്ധിച്ച വാർത്ത പുറത്തുവന്നിട്ടുണ്ട്. എന്റെ മണ്ഡലമായ പയ്യന്നൂരിൽ സപ്ലൈകോയുടെ ലാഭം മാർക്കറ്റിൽ നിന്നും വാങ്ങിയ അരി തിളപ്പിച്ചപ്പോൾ കട്ടിയുള്ള ഒരു പാട

അതിന് മുകളിൽ പൊങ്ങിവന്നു. അത് ഉണക്കി പരിശോധിച്ചപ്പോൾ പ്ലാസ്റ്റിക് ആണെന്നാണ് കാണാൻ കഴിഞ്ഞത്. അതിന്റെ സാമ്പിൾ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. വേണമെങ്കിൽ അത് പരിശോധനയ്ക്കായി ഹാജരാക്കാം. റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന അരി വാങ്ങിക്കൊണ്ടുപോയി പ്ലാസ്റ്റിക് കവർ ചെയ്ത് മാർക്കറ്റിൽ എത്തിക്കുകയാണ്. അത് എത്രമാത്രം വിഷാംശം കലർന്നതാണ് എന്നുള്ളത് വളരെ ഭയാനകമാണ്. അടുത്ത ദിവസങ്ങളിൽ അത് വാർത്തയായി വന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ ഉചിതമായ എന്തെങ്കിലും അന്വേഷണമോ നടപടിയോ ഉണ്ടാകുമോ?

<u>ശ്രീ. കെ.പി. മോഹനൻ</u>: ഇക്കാര്യം പത്രത്തിൽ കണ്ടപ്പോൾത്തന്നെ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വിഭാഗമാണ് ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടത്. അവർ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ചെറുപ്പക്കാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നയങ്ങളാണ് രൂപീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ഉമ്മർ മാസ്റ്റർ ചോദിച്ചത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്.

കേരളത്തിൽ ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം ശ്രദ്ധയാകർഷിച്ച ഒരു പ്രഖ്യാപനമായിരുന്നു എന്റർപ്രേണർ മിഷൻ. അതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന ചെറുപ്പക്കാർക്ക് 4 ശതമാനം മാർക്കും അറ്റൻഡൻസുൾപ്പെടെയുള്ള ഗ്രേസ് മാർക്കും നൽകുന്നത്. കൃഷിയിലേയ്ക്കിറങ്ങാൻ തയ്യാറാകുന്ന കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അറ്റൻഡൻസും നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ എടുക്കുമോ?

ശ്രീ. കെ. പി. മോഹനൻ : സർ, അതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ചുമാത്രമേ മറുപടി പറയാൻ പറ്റുകയുള്ളൂ. ഇക്കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തുന്നതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, സമഗ്രമായ കാർഷികാദായത്തിന്റെ ഭാഗമായി 2016 ഓടുകൂടി സമ്പൂർണ്ണമായ ജൈവ സംസ്ഥാനമായി കേരളത്തെ മാറ്റുമെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. അതിനനുസൃതമായ രീതിയിലുള്ള നീക്കങ്ങൾ നടക്കുന്നില്ല. ഇതിന് കർഷകരുടെ ഇടയിൽ നിന്നുതന്നെ എതിർപ്പുകളുണ്ടാകുന്നു. വളരെ പെട്ടെന്ന് കേരളത്തെ ജൈവ കാർഷികമേഖലയിലേയ്ക്ക് കൊണ്ടുവരുമ്പോഴുണ്ടാകുന്ന ഉല്പാദനതകർച്ച

ഉൾപ്പടെയുള്ള കാര്യങ്ങളിൽ കർഷകർക്ക് ആശങ്കയുണ്ട്. അതുപരിഹരിക്കാനാവശ്യമായ ഒരു നീക്കവും വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. മാത്രമല്ല, 'നിറവ്' എന്ന പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ആ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ സങ്കീർണ്ണമായ ആശങ്കകൾ നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ എന്തു നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. മോഹനൻ : സർ, എനിക്ക് തോന്നുന്നത് ഏകദേശമുള്ള എം.എൽ.എ. മാർ മുൻകയ്യെടുത്ത് ജൈവ നിയോജകമണ്ഡലമെന്ന കൺസപ്റ്റിലേയ്ക്ക് വരുന്നുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ കൃഷിഭവനും വെറ്ററിനറിവിഭാഗവും മൃഗസംരക്ഷണ വിഭാഗവുമൊക്കെ ചേർന്നുകൊണ്ട് നടന്നുവരുന്നുണ്ട്. വളരെ പെട്ടെന്ന് നെൽകൃഷിക്ക് രാസവള ഉപയോഗം നിർത്താൻ സാദ്ധ്യമല്ല. 2016 ഓടുകൂടി നമുക്ക് ഹിതകരമല്ലാത്ത രാസവളവും രാസകീടനാശിനികളും സമ്പൂർണ്ണമായി നിരോധിച്ചേ പറ്റൂ. അപ്പോൾ മാത്രമേ സമ്പൂർണ്ണമായ ആരോഗ്യമുള്ള ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റാൻ സാധിക്കുകയുള്ളൂ.

അതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. അതിന് ബഹുമാനപ്പെട്ട എം.എൽ.എ മാരുടെ സഹകരണം കൂടിയുണ്ടാകണം. അത് ഉണ്ടാക്കിയെടുത്തിട്ടുണ്ട്. ധാരാളം എം.എൽ.എ മാർ മുൻകയ്യെടുത്തുകൊണ്ട് പ്രവർത്തിക്കുന്നുണ്ട്. എം.എൽ.എ മാരുടെ പേരെടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാപേരും മുൻകയ്യെടുത്തു അതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. അത് ശ്ലാഘനീയമാണ്. അത് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോയാൽ നമുക്ക് സമ്പൂർണ്ണമായ ജൈവ കാർഷിക സംസ്ഥാനമെന്ന ലക്ഷ്യത്തിലേയ്ക്ക് എത്താൻ സാധിക്കും.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. സംസാരിച്ചപ്പോൾ നെല്ലിന്റെ സംഭരണവില 30 രൂപ ആക്കുന്നതിനെപ്പറ്റി സംസാരിച്ചു. ഞാൻ അതിനോട് യോജിക്കുന്നു. പക്ഷേ നെല്ലിന്റെ സംഭരണവില 30 രൂപയാക്കിയാൽ അരി എത്ര രൂപയ്ക്ക് കൊടുക്കാൻ സാധിക്കും. അരിവില 50 രൂപയാക്കേണ്ടിവരും, അത് വലിയ ഒരു പ്രശ്നമാണ്. ആ ഒരു സാഹര്യമുണ്ടെന്ന് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്, നമ്മുടെ കാർഷികമേഖല തകർച്ചയുടെ വക്കിലാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് കുറഞ്ഞുവരികയാണ്. ആരും അത്

നിഷേധിച്ചിട്ട് കാര്യമില്ല. അതിന് മാറ്റം വരുത്തി ജനങ്ങളുടെ ഇടയിൽ കാർഷികവൃത്തിയോട് ആഭിമുഖ്യമുണ്ടാക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഈ അടുത്തകാലത്ത് ഞാൻ രണ്ട് സ്കൂളുകളിൽ പോയി. ഒന്ന് വെള്ളികുളം സ്കൂൾ - മലമ്പ്രദേശമായ അഞ്ചേക്കർ സ്ഥലം മുഴുവൻ കുട്ടികൾ ഒന്നാംതരം കൃഷിയിടമാക്കി മാറ്റിയിരിക്കുകയാണ്. അതുപോലെ പെൺകുട്ടികൾ മാത്രം പഠിക്കുന്ന മുസ്ലീം ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഈരാറ്റുപേട്ടയിൽ ഒന്നരയേക്കർ സ്ഥലം ഈ കുട്ടികൾ നല്ല കൃഷിയിടമാക്കി മാറ്റിയിരിക്കുകയാണ്. അതുപ്പോലെ അരിവത്ര കോളേജിൽ പച്ചക്കറി വിൽക്കുന്നുണ്ട്. ആ നിലയിലേയ്ക്ക് മാറ്റം വരുത്തുന്നുണ്ട്. നമ്മുടെ ഗവൺമെന്റിനേക്കാൾ കൂടുതൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഈ മേഖലയിലേയ്ക്ക് ഇറങ്ങിയിരിക്കുന്ന ഈ സാഹചര്യം കൂടുതൽ ഊർജ്ജവത്താക്കി മാറ്റി ഈ സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഇൻസെന്റീവ് കൊടുത്ത് കുട്ടികളെ കൂടുതൽ ആകർഷിക്കാൻ പറ്റുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനെ പറ്റി ഗവൺമെന്റ് ആലോചിക്കുമോ ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, കൂടുതൽ ആകർഷിച്ചതിന്റെ പേരിലാണ്

വിദ്യാലയങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികൾ വന്നത്. വളരെ നല്ല കാര്യമാണ്. അതോടൊപ്പം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയങ്ങളിൽ മാലിന്യങ്ങൾ സംസ്കരിച്ച് ബയോ കമ്പോസ്റ്റും ബയോ ഗ്യാസും ലഭിക്കുന്നതിന് ഒരു ബയോഗ്യാസ് പ്ലാന്റുകൂടി കൃഷി വകുപ്പുമുഖാന്തരം സൗജന്യമായി നൽകുന്നുണ്ട്. കാർഷികമേഖല തകർച്ചയിലാണെന്ന് ഇവിടെ പറഞ്ഞു. ഇവിടെ അഗ്രിക്കൾച്ചർ രംഗത്ത് വളർച്ചയാണുണ്ടായിട്ടുള്ളതെന്ന് പരിശോധിച്ചാൽ മനസിലാകും. 2008-09 -ൽ -2.8 ഉം 2009-10-ൽ -0.3 ഉം 2010-11 -ൽ -7 ഉം 2011-12-ൽ -0.15 ഉം 2012-13, 2013-14 കാലഘട്ടങ്ങളിൽ +5.62 ആയിരുന്നു വളർച്ച. ജി.എസ്.ഡി.പി. എടുത്താൽ കേരളത്തിന്റെ മൊത്തത്തിലുള്ള വളർച്ച 8.95 ആണെന്ന് മനസ്സിലാകും അഗ്രിക്കൾച്ചർ രംഗത്താണ് കൂടുതൽ വളർച്ചയുണ്ടായിട്ടുള്ളത്. ഇതിന്റെ പ്രധാനപ്പെട്ട കാരണം ജനങ്ങൾ അത് ഏറ്റെടുത്തുവെന്നുള്ളതാണ്. കർഷകർ മാത്രമല്ല വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ജനപ്രതിനിധികളും ഏറ്റെടുത്തതിന്റെ ഭാഗമായാണ് ഈ രംഗത്ത് വളർച്ചയുണ്ടായത്. കൂടുതൽ വളർച്ചയും കൂടുതൽ നല്ല ഉത്പന്നങ്ങളുണ്ടാക്കാനും നമുക്ക് സാധിക്കും.

മി. സ്പീക്കർ: വളരെയധികം ബഹുമാന്യരായ അംഗങ്ങൾ ചോദ്യങ്ങൾ

ചോദിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ ഒരു ചോദ്യത്തിന് 35 മിനിറ്റിൽ കൂടുതലായി. അതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

## പ്രവാസി പുനരധിവാസ പദ്ധതി

2 (*122) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. എ. എം. ആരിഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതികൊണ്ട് എന്തെല്ലാമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രവാസി പുനരധിവാസ പദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിച്ചുതുടങ്ങിയോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ പഠിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പഠിക്കുന്നതിനും അവ വേഗത്തിൽ പരിഹരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും

വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, വിദേശരാജ്യങ്ങളിൽനിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്നതാണ് പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങൽ നൽകുകയുമാണ് ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) പ്രവാസി പുനരധിവാസ പദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

(സി) ആഗോളതലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തുനിന്നും ജോലി തേടി പോകുന്നവരിലും വിദേശധനത്തിന്റെ വരവിലും ഉണ്ടാക്കിയിട്ടുള്ള ആഘാതത്തെപ്പറ്റി സെന്റർ ഫോർ ഡെവലപ്മെന്റ്

സ്റ്റഡീസ് വഴി സംസ്ഥാന സർക്കാർ പഠനം നടത്തിയിരുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അടിയന്തര പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവാസികൾ വ്യക്തിപരമായും പ്രവാസി സംഘടനകൾ മുഖേനയും ഉന്നയിക്കുന്ന പ്രശ്നങ്ങൾ പോലീസ് അധികാരികൾ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവ മുഖേനയും എംബസ്സി മുഖാന്തിരം പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവാസികളുടെ പ്രശ്നം കൂടി പഠിക്കുക എന്ന ഉദ്ദേശത്തോടുകൂടി കാലാകാലങ്ങളായി ആഗോള പ്രവാസി കേരളീയ സംഗമം നടത്താറുണ്ട്. ഇതിൽ ഉരുത്തിരിഞ്ഞിട്ടുള്ള പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുവാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിദേശത്തുനിന്നും നിതാഖത്തിൽപ്പെട്ട് തിരിച്ചുവന്ന പ്രവാസി മലയാളികളിൽ പുനരധിവാസ പദ്ധതിപ്രകാരം സ്വയം തൊഴിൽ വായ്പയ്ക്ക് എത്രപേർ അപേക്ഷിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് കിട്ടിയെന്നറിയാൻ താൽപ്പര്യമുണ്ട്. ആദ്യം ഗവൺമെന്റ് പറഞ്ഞിരുന്നത് പലിശരഹിതവായ്പയെന്നാണ്. പിന്നീട് 3 ശതമാനം പലിശയെന്നാക്കി; പിന്നീടത് പത്തേമുക്കാൽ ശതമാനം പലിശയാക്കി; അതിൽ 20 ശതമാനം സബ്സിഡി സർക്കാർ നൽകുമെന്ന് പറഞ്ഞു; എന്നാൽ സബ്സിഡി 10

ശതമാനമാക്കി; സബ്സിഡി കഴിഞ്ഞുള്ള തുകയ്ക്കല്ല മുഴവൻ തുകയ്ക്കും പലിശകൊടുക്കണമെന്നുപറഞ്ഞു. അങ്ങനെ ഈ പദ്ധതിയെ സംബന്ധിച്ച കൃത്യവും നിയതവുമായ വിവരം വായ്പയ്ക്ക് അപേക്ഷിച്ചവർക്കും വായ്പ എടുത്തവർക്കും ഇല്ലാതായി. മാത്രമല്ല ഒരു ഗഡു അടച്ചില്ലെങ്കിൽ ബാങ്കുകൾ ജപ്തി നടപടികൾ തുടങ്ങുമെന്നുള്ള സ്ഥിതിയായി. എത്രപേർ വായ്പയ്ക്ക് അപേക്ഷിച്ചു; അതിൽ എത്രപേർക്ക് വായ്പ കൊടുത്തു; ഇതിൽ ഗവൺമെന്റ് എത്ര തുകയ്ക്കാണ് സബ്സിഡി കൊടുത്തത്; എത്ര തുകയ്ക്ക് പലിശയിളവ് കൊടുത്തു; ഇതെല്ലാം അറിയാൻ ആഗ്രഹമുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപ്പോലെ ഈ പദ്ധതിക്ക് അവ്യക്തമായ ഒരു സമീപനമില്ല. വളരെ വ്യക്തമാണ്. കാരണം പരമാവധി 20 ലക്ഷം രൂപയാണ് വായ്പ കൊടുക്കുന്നത്. അതിൽ 15 ശതമാനം ക്യാപിറ്റൽ സബ്സിഡി, അതായത് 20 ലക്ഷം രൂപ വായ്പയെടുത്താൽ 3 ലക്ഷം രൂപ സബ്സിഡി കൊടുക്കും. അതുപ്പോലെ റിസർവ് ബാങ്ക് അംഗീകരിച്ച പലിശയിൽ നിന്ന് 3 ശതമാനം പലിശയിളവും വകുപ്പ് കൊടുക്കും അതാണ് പദ്ധതി. അതിൽ യാതൊരു അവ്യക്തതയുമില്ല. ഈ പദ്ധതിയിൽ ഏതാണ്ട് 19,690 പേർ അപേക്ഷിച്ചു. അവരെ സ്ക്രീനിംഗിനുവിളിച്ചു, അതിൽ ഹാജരായത്

7194 പേരാണ്. അവരെ സ്ക്രീനിംഗ് നടത്തി 6809 പേരുടെ പദ്ധതികൾ അംഗീകരിച്ചു. അതിനുശേഷം ബാങ്കുകളിൽ കത്തയച്ചു. ബാങ്കുമായി ബന്ധപ്പെട്ട് ഏതാണ്ട് 605 പേർ ഈ ഇനത്തിൽ ലോണെടുത്തിട്ടുണ്ട്. നോർക്ക ഡിപ്പാർട്ട്മെന്റ് ഈ ഇനത്തിൽ 4.08 കോടി രൂപ ബാങ്കിന് സബ്സിഡിയായി അടച്ചിട്ടുമുണ്ട്. പക്ഷേ പ്രവാസികൾക്ക് ആവശ്യം സമ്പൂർണ്ണമായ സാമ്പത്തിക ആനുകൂല്യമാണ്. അത് നൽകാൻ സാധിക്കില്ല. സ്വയം തൊഴിലിനുള്ള ഒരു മോട്ടിവേഷനല്ലാതെ പൂർണ്ണമായി സഹായിക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ് </u>: സർ, ഇത്രയും പേർ അപേക്ഷിച്ചിട്ട് 605 പേർക്ക് മാത്രമേ വായ്പ ലഭിച്ചിട്ടുള്ളൂവെന്ന് പറയുമ്പോൾ വിദ്യാഭ്യാസ ലോൺ പോലെ തന്നെ പ്രസ്തുത ലോൺ എടുക്കുന്നതിനും ബാങ്കിൽ ചെല്ലുമ്പോൾ നൂറുകൂട്ടം നൂലാമാലകളിൽ പെടുത്തുന്നുണ്ട് എന്നതിന്റെ തെളിവാണിത്. അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. അതുപോലെ വിദേശമലയാളികളെ ഏറ്റവും നിന്ദ്യമായ ചൂഷണത്തിന് വിമാനക്കമ്പനികൾ വിധേയമാക്കുന്നുണ്ട്. നമ്മുടെ സഭയിലും പാർലമെന്റിലും കേരളത്തിൽ നിന്നുള്ള എം.പി.മാർ നിരന്തരമായി ഈ വിഷയം ഉന്നയിക്കുകയും നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇന്നുവരെ എയർ ഇന്ത്യ

ഉൾപ്പെടെയുള്ള ഒരു വിമാനക്കമ്പനിയ്ക്കും ഇതിൽ നിന്ന് ഒരു മാറ്റവും വന്നിട്ടില്ല. അതിനൊരു പരിഹാരമായാണ് കേരളത്തിന്റെ ഉടമസ്ഥതയിൽ എയർ കേരള എന്നൊരു വിമാനക്കമ്പനി തുടങ്ങുമെന്ന പ്രഖ്യാപനം സഭയിൽ ഉണ്ടായത്. അതുസംബന്ധിച്ച് നടപടികൾ എവിടെവരെയായി; അതിന് ഇനിയെന്തെങ്കിലും തടസ്സമുണ്ടോ; അത് തുടങ്ങാൻ ഉദ്ദേശമുണ്ടോ; ഇക്കാര്യങ്ങൾ അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. ആദ്യത്തെ ചോദ്യത്തിന്, അപേക്ഷ നൽകിയവരിൽ മൂന്നിലൊന്ന് ശതമാനം മാത്രമാണ് ഇന്റർവ്യൂവിന് ഹാജരായത്. അപേക്ഷ നൽകിയവരെ ഇന്റർവ്യൂവിന് വിളിച്ചു. അവർ ഹാജരാകുന്നില്ല. നമ്മുടെ കുറ്റമല്ല. രണ്ടാമത് ചോദ്യത്തിന്, എയർ കേരള ഇപ്പോഴും ലൈവായി നിലവിലുണ്ട്. ഒരു തടസ്സമുള്ളത് 20 ഫ്ലീറ്റോ അല്ലെങ്കിൽ അഞ്ചുവർഷത്തെ ഡൊമസ്റ്റിക് എക്സ്പീരിയൻസ് ഉണ്ടെങ്കിൽ മാത്രമേ വിദേശ രാജ്യങ്ങളിൽ അനുവാദം നൽകുകയുള്ളൂ. ആ നയം മാറ്റാൻ കഴിഞ്ഞ ഗവൺമെന്റിനോടും ഇപ്പോഴത്തെ ഗവൺമെന്റിനോടും കേരളാ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആ നയത്തിൽ മാറ്റം വരുത്തിയിട്ടില്ല. ആ നയത്തിൽ മാറ്റം വരുത്തുകയാണെങ്കിൽ എയർ

കേരള യാഥാർത്ഥ്യമാകും. ആ നടപടികളുമായി ഗവൺമെന്റ് മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പ്രവാസി പുനരധിവാസത്തിന്റെ കാര്യത്തിൽ നമുക്ക് പരാജയമാണുണ്ടായിട്ടുള്ളത്. പ്രഖ്യാപനങ്ങളൊന്നും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. തിരിച്ചുവന്ന പ്രവാസികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ പോലും ഇപ്പോൾ നൽകാൻ കഴിയുന്നില്ല. ചികിൽസാസഹായത്തിന് അപേക്ഷിച്ചവരുടെ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. പ്രവാസി പുനരധിവാസത്തിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രവാസി ക്ഷേമനിധി സ്തംഭനാവസ്ഥയിലാണ്. പുതിയതായി ആളുകളൊന്നും ചേരുന്നില്ല. നിതാഖത്തുമായി ബന്ധപ്പെട്ട് ഇരുപതിനായിരം ആളുകൾ അപേക്ഷ നൽകിയെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവരെ ഇന്റർവ്യൂവിന് വിളിച്ചപ്പോൾ വന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അത് ഒരു അർദ്ധസത്യം മാത്രമാണ്. ഇരുപതിനായിരം ആളുകൾ അപേക്ഷ നൽകിയിട്ടും മാസങ്ങളോളം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു നടപടിയുമില്ലാതെ വന്നപ്പോൾ പലരും സ്വയംതൊഴിൽ കണ്ടെത്തുകയും പലരും

തിരിച്ചുപോകുകയും ചെയ്തു. ഇതിനകത്ത് സർക്കാരിന് പ്രത്യേകമായി സഹായം നൽകാൻ കഴിയില്ല എന്നുപറയുമ്പോൾ എന്താണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്, വളരെ വിപുലമായ ഒരു പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ മന്ത്രിതലസമിതിയും ഉദ്യോഗസ്ഥതല സമിതിയുമൊക്കെ ഉണ്ടായിരുന്നിട്ടും പ്രായോഗികമായ ഒരു പദ്ധതി നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നുപറയുന്നത് വളരെ ഖേദകരമായ ഒരു കാര്യമാണ്. അതുപോലെ തന്നെ ഗവൺമെന്റ് നൽകിവന്നിരുന്ന സഹായങ്ങൾ, പ്രത്യേകിച്ച് ചികിത്സാ സഹായങ്ങൾ, അവരുടെ മറ്റാനുകൂല്യങ്ങൾ ഇവയൊന്നും നൽകുന്നില്ല. ഇത് നൽകാതെ പുനരുധിവാസ പദ്ധതി പ്രവാസികൾക്കായി നടപ്പിലാക്കുന്നുവെന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്. അതുകൊണ്ട് നൽകിവന്നിരുന്ന ആനുകൂല്യങ്ങളെങ്കിലും നൽകാൻ കഴിയണം. ഗവൺമെന്റ് പ്രവാസികൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ബഡ്ജറ്റുകളിൽ കാര്യമായി ഒന്നും നീക്കിവയ്ക്കുന്നില്ല. സർക്കാരിന്റെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാനുള്ള ആത്മാർത്ഥമായ നടപടി ഉണ്ടാകുമോ എന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, അങ്ങ് ഒരു പ്രവാസി സംഘടനയുടെ

നേതാവാണ്. അങ്ങ് ഇങ്ങനെ അടച്ചാക്ഷേപിക്കരുത്. NDPREM കൂടാതെ റീഹാബിലിറ്റേഷൻ പാക്കേജിലുള്ള മൂന്ന് പദ്ധതികൾ ഗവൺമെന്റിനുണ്ട്. മടങ്ങിവരുന്നവർക്കുവേണ്ടിയുള്ള മരണാനന്തര സഹായം, ചികിൽസാ സഹായം, വിവാഹധനസഹായം, വീൽചെയർ, ക്രച്ചസ് ധനസഹായം തുടങ്ങിയവ ഉൾപ്പെടുന്ന സാന്ത്വനപദ്ധതിയിൽ 2013-14-ൽ 1925 പേർക്ക് 7,57,10,500 രൂപയും ഈ വർഷം മാർച്ച് 4 വരെ 2061 പേർക്ക് 9,62,01,500 രൂപയും കൊടുത്തിട്ടുണ്ട്. രണ്ടാമത്തേത്, വിദേശത്ത് വച്ച് മരണപ്പെടുന്നയാളുടെ ശരീരം നാട്ടിലെത്തിക്കുന്നതിനു വേണ്ടിയുള്ളത് കാരുണ്യം പദ്ധതിയാണ്. ആ പദ്ധതിയിൽപ്പെടുത്തി 2013-14-ൽ 15 പേർക്ക് 6,85,000 രൂപയും 2014-15- മാർച്ച് 4 വരെ 8 പേർക്ക് 2,75,000 രൂപയും കൊടുത്തു. അതുപോലെ ചെയർമാൻ ഫണ്ട് എന്നുപറയുന്ന സഹായപദ്ധതിയിൽ 2013-14-ൽ 110 പേർക്ക് 32,41,500 രൂപയും 2014-15 മാർച്ച് 3 വരെ 84 പേർക്ക് 25,45,500 രൂപയും കൊടുത്തു. ഈ സഹായങ്ങൾ എല്ലാം നൽകുന്നുണ്ട്. അപേക്ഷകൾ കെട്ടിക്കിടക്കുന്നില്ല. ലഭ്യമായ പണമനുസരിച്ച് സഹായം കൊടുക്കുന്നുണ്ട്. സമഗ്രമായ പദ്ധതിയെക്കുറിച്ച് പറയുമ്പോൾ മനസ്സിലാക്കേണ്ടത് എല്ലാവർക്കും പൂർണ്ണ സഹായമാണ്

ആവശ്യമുള്ളത്. ബാങ്കുമായി ലിങ്ക് ചെയ്തുകൊണ്ട് ക്യാപ്പിറ്റൽ സബ്സിഡിയിനത്തിൽ 20 ലക്ഷം രൂപവരെ സബ്സിഡിയും അതുപോലെ ഇന്ററസ്റ്റ് സബ്സിഡിയും കൊടുക്കുക മാത്രമാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അതല്ലാതെ എല്ലാവരുടെയും സാമ്പത്തികമായ പരാതി പരിഹരിക്കുവാൻ സർക്കാരിന് സാധിക്കില്ല. പക്ഷേ ഈ പദ്ധതി പരാജയമാണെന്ന് പറയുന്നത് ശരിയല്ല. പദ്ധതി നന്നായി നടക്കുന്നുണ്ട്. അതിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, പ്രവാസികളുടെ പേരിലാണ് കൊതിപ്പിക്കുന്ന ഒരുപാട് പ്രഖ്യാപനങ്ങൾ എപ്പോഴുമുണ്ടാകുന്നത്. ഇവിടെ എല്ലാവരും വികാരം പ്രകടിപ്പിച്ചപോലെ പലപ്പോഴും അതൊന്നും പ്രാവർത്തികമാകുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവാസി സമൂഹത്തിന്റെ ഉൾപ്പെടെ നിക്ഷേപം സമാഹരിക്കാനും നമ്മുടെ സമൂഹത്തിന്റെ വികസനത്തിന് ഉപയോഗിക്കാനും അവരുടെ തന്നെ സംരംഭം സമാഹരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുതകുന്ന വിധത്തിലായിരുന്നു 'അൽ-ബറാക് എന്ന പേരിൽ ഒരു ബാങ്ക് രൂപീകരിച്ചത്. ഇത് ഇസ്ലാമിക് ബാങ്കിന്റെ കൺസെപ്റ്റാണ്. ഇത് വളരെ നല്ല ഒരു ആശയവും വളരെ

സാദ്ധ്യതയുള്ള ഒരു സങ്കൽപ്പവുമാണ്. ആ ബാങ്കിന്റെ പ്രവർത്തനം ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രത്തോളം ഫലവത്തായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. എന്തെങ്കിലും കാര്യമായി നടക്കുന്നുണ്ടോ എന്നറിയാൻ താൽപ്പര്യമുണ്ട് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും 'അൽ-ബരാക്'-നെ കുറിച്ച് പ്രസ്താവനയല്ലാതെ ഒരിഞ്ച് മുമ്പോട്ട് പോയിട്ടില്ല. ഇപ്പോൾ അങ്ങനെയൊരു കാര്യം നോർക്കാ വകുപ്പിന്റെ പരിഗണനയിലില്ല.

ശ്രീ. എ. എം. ആരിഫ്: സർ, വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ അകപ്പെട്ടിട്ടുള്ള മലയാളികളെ സുരക്ഷിതമായി സ്വന്തം നാട്ടിലെത്തിക്കാനും അവർക്കാവശ്യമായ നിയമസഹായങ്ങൾ നൽകാനുമുള്ള ചില പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. 'സ്വപ്നസാഫല്യം' എന്ന പേരിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ വിദേശ രാജ്യങ്ങൾ, നമ്മുടെ നാട്ടിൽ കണ്ടതാണ് ഇറ്റലിക്കാരായ രണ്ടുപേർ പ്രതികളായപ്പോൾ ആ രാജ്യം കാണിച്ച വലിയ അത്യുൽസാഹവും നയതന്ത്രതലത്തിൽ അവർ നടത്തിയിട്ടുള്ള ഇടപെടലുകളും പ്രതികളെ വിചാരണയ്ക്കുവേണ്ടിവന്നാൽ വരേണ്ടതില്ല എന്നതടക്കമുള്ള പല സംരക്ഷണങ്ങളും നേടുന്നതിനുവേണ്ടി നടത്തിയ ശ്രമം

നമ്മൾ കണ്ടതാണ്. അതുമായി താരതമ്യം ചെയ്താൽ നമ്മുടെ ഒരുപാട് ആളുകൾ വളരെ നിസ്സാരമായ കുറ്റങ്ങൾക്ക് വിദേശങ്ങളിലെ ഒട്ടേറെ ജയിലുകളിൽ കിടക്കുകയും പുറത്തേക്ക് വരാൻ കഴിയാതെ കുരുക്കുകളിൽപെട്ട് കിടക്കുകയും ചെയ്യുന്നുണ്ട്. ഇതിന് പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതിക്ക് രൂപം നൽകുമെന്ന് 29-01-2014-ൽ ശ്രീ. രാജു എബ്രഹാമിന്റെ ചോദ്യത്തിന് ഉത്തരമായി അങ്ങ് ഇവിടെ നൽകിയിട്ടുണ്ട്. ആ സെല്ലിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോയിട്ടുണ്ടോ; അതുസംബന്ധിച്ച് അന്തർദ്ദേശീയ നിയമങ്ങളെ സംബന്ധിച്ച് ധാരണയുള്ള ആളുകളെയാണോ നിയമിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്; അതതു രാജ്യങ്ങളിലെ നിയമബിരുദം നേടിയിട്ടുള്ളവരെ ഉൾപ്പെടുത്തി ലീഗൽ എയ്ഡ് സെൽ പ്രവർത്തനമാരംഭിക്കാനാണോ ഉദ്ദേശിച്ചിട്ടുള്ളത്; അതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചതായി കാണുന്നില്ല; എന്താണ് അതിന്റെ നടപടിക്രമങ്ങൾ?

<u>ശ്രീ. കെ. സി. ജോസഫ് </u>: സർ, അങ്ങ് പറഞ്ഞതുപോലെ വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ചും ഗൾഫിൽ ജയിലുകളിൽ കഴിയുന്ന ആളുകളുടെ പരാതി ലഭിക്കുന്ന അവസരത്തിൽ എംബസിയുമായി ബന്ധപ്പെട്ട് അവരെ മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അങ്ങ് ഇവിടെ

ഇറ്റലിക്കാരുടെ കാര്യം പറഞ്ഞു. എന്നാൽ ലിബിയയിലെയും ഇറാഖിലെയും നഴ്സുമാരുടെ കാര്യം കണ്ടില്ല. കേരളാഗവൺമെന്റ് മാത്രമാണ് ഇറാഖിലെയും ലിബിയയിലെയും ആഭ്യന്തരസംഘർഷത്തിൽപ്പെട്ട നഴ്സുമാരെ മടക്കിക്കൊണ്ടുവരാൻ നടപടി സ്വീകരിച്ചത്. കേന്ദ്ര ഗവൺമെന്റ് സഹായിച്ചു. എന്നാൽപോലും മുഖ്യമന്ത്രി ഉറക്കമിളച്ചിരുന്നാണ് അവരുടെ ശരീരത്തിൽ ഒരുപൊടി മണ്ണുപോലും വീഴാതെ അവരെ മടക്കിക്കൊണ്ടുവന്നത്. അത് കാണാതെ പോകരുത്. അതുപോലെ പ്രവാസീ ലീഗൽ എയ്ഡ് സെൽ ഇപ്പോൾ നിലവിലുണ്ട്. ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടുമ്പോൾ പണം നൽകിയാൽ ഞങ്ങളെ സമീപിക്കുന്ന ഇന്ത്യാക്കാർക്ക് സഹായം കൊടുക്കും എന്നാണ് അവർ പറയുന്നത്. ഇന്ത്യൻ എംബസിക്ക് കേരളമെന്നോ തമിഴ്നാടെന്നോ വേർതിരിവ് ഇല്ല. പണം നൽകി ആരുസമീപിച്ചാലും എംബസി അവരെ സഹായിക്കും. ഇന്ത്യൻ എംബസിക്ക് ഇന്ത്യാക്കാർ എന്നുമാത്രമേയുള്ളൂ. അതുകൊണ്ട് എംബസി വഴി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. വിദേശരാജ്യങ്ങളിലുള്ള മലയാളിസംഘടനകളുമായി ബന്ധപ്പെടുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വർക്കല കഹാർ:</u> സർ, പ്രവാസികളുടെ പുനരധിവാസ കാര്യത്തിൽ

മറ്റേതൊരു സർക്കാരിനേക്കാളും ആത്മാർത്ഥമായ സമീപനം ഈ സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും സ്വീകരിച്ചിട്ടുണ്ട്. അതിന് ഈ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. നിതാഖത്തിന്റെ ഭാഗമായി നാട്ടിലെത്തിയ പ്രവാസികൾക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിക്കുമെന്ന് ബാങ്കുകളുമായുള്ള ചർച്ചയ്ക്ക് ശേഷം സർക്കാർ പ്രഖ്യാപിച്ചിരുന്നു. പക്ഷെ പല ബാങ്കുകളും ഇതിനോട് വിമുഖതകാട്ടി. അതുകൊണ്ടുതന്നെ പദ്ധതി ഉദ്ദേശിച്ച രീതിയിൽ പ്രയോജനം ചെയ്തിട്ടില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഈ പദ്ധതിയുമായി സംസ്ഥാന ഗവൺമെന്റ് ബാങ്കുകളെ സമീപിച്ചപ്പോൾ കാനറാ ബാങ്കും യൂണിയൻ ബാങ്കും മാത്രമാണ് സഹകരിക്കാൻ താൽപര്യം കാണിച്ചത്. കേരളത്തിലെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം ഒരു ലക്ഷം കോടി രൂപയാണ്. കേരളത്തിലെ ബാങ്കുകളുടെ സർവൈവൽ പോലും പ്രവാസികളെ ആശ്രയിച്ചാണ്. അങ്ങനെയുള്ള ബാങ്കുകൾ പ്രവാസികൾക്ക് ഒരു ദു:ഖം

വരുമ്പോൾ, ഒരു വേദന വരുമ്പോൾ ബാങ്കുകളുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി നിർവ്വഹിക്കാതെ അവർ ഒഴിഞ്ഞുമാറുകയാണ്. ബാങ്കുകളുടെ എക്സിസ്റ്റൻസി തന്നെ പ്രവാസികളുടെ ഡിപ്പോസിറ്റുകളുടെ പേരിലായാതുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത് ബാങ്കുളുടെ ചുമതലയാണെന്നും ഞങ്ങൾ ആവർത്തിച്ച് സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയിലും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായും ഇക്കാര്യം ശക്തമായി മുമ്പോട്ടുകൊണ്ടുപോകുന്നതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അൽ-ബറാക് കമ്പനി സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് വസ്തുതാവിരുദ്ധമാണ്. പ്രസ്താവനയ്ക്കപ്പുറം ആ കമ്പനി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിനെ നോൺ ഫിനാൻഷ്യൽ ബാങ്കിംഗ് ഇന്റർമീഡിയറിയായി ലൈസൻസിന് അപേക്ഷയും കൊടുത്തു. ഇന്നും ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് എന്ന പേരിൽ പരിമിതമായ രീതിയിലാണെങ്കിലും അതിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. എന്റെ ചോദ്യം അതിനെക്കുറിച്ചല്ല. NDPREM പദ്ധതി പ്രകാരം നമ്മുടെ ഗൾഫ് റിട്ടേണീസിനെ സ്വയം സംരംഭകരാക്കാൻ ശ്രമിക്കുന്നു. പക്ഷേ ആർക്കും സംരംഭകനായി മാറാൻ പറ്റില്ല. അതുകൊണ്ട്

ഞാനൊരു ബദൽ പ്രൊപ്പോസൽ വയ്ക്കുകയാണ്. ഫിലിപ്പൈൻസിൽ ഒരു ഘട്ടത്തിൽ അത് വളരെ ഫലപ്രദമായി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആരംഭിക്കുന്ന ജോയിന്റ് സെക്ടർ കമ്പനികളിൽ ഷെയർ എടുക്കുന്നതിന് ഗൾഫിലുള്ളവർക്ക് പ്രോത്സാഹനം നൽകുക. ഷെയർ ഉടമസ്ഥന് നിശ്ചിത ഷെയർ ഉണ്ടെങ്കിൽ തിരിച്ചുവന്നാൽ അവിടെ ജോലിയോ അദ്ദേഹത്തോട് ബന്ധപ്പെട്ട ഒരാൾക്കോ ജോലി ലഭിക്കും. തിരിച്ചുവരുമ്പോൾ ഒരു ജോലിക്കുവേണ്ടിയുള്ള സമ്പാദ്യമായി അവിടത്തെ പ്രവർത്തനം മാറ്റും. നമ്മൾ എല്ലാ ഗൾഫ് റിട്ടേണീസിനേയും സ്വയം സംരംഭകരാക്കാൻ ശ്രമിച്ചാൽ നടക്കുന്ന കാര്യമല്ലെന്ന് തെളിഞ്ഞുകൊണ്ടിരിക്കുയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപായം എന്താണ്?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്. ആ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുകയാണെങ്കിൽ ഗൗരവകരമായി കണക്കിലെടുക്കുന്നതാണ്. പക്ഷെ ഒരു അനുഭവമുള്ളത്, കഴിഞ്ഞ ഗവൺമെന്റ് എൻ.ആർ.ഐ.യ്ക്കുവേണ്ടി കണ്ണൂർ വിമാനത്താവളത്തിന്റെ ഷെയർ ക്യാപിറ്റൽ വച്ചു. രണ്ട് ലക്ഷം രൂപയാണ് മിനിമം വച്ചിരുന്നത്. ഈ സർക്കാർ അത്

50,000/- രൂപയായി കുറച്ചു. എന്നിട്ടുപോലും പ്രവാസികളുടെ ഷെയറുകൾ ലഭിക്കുന്നില്ല. ക്യാമ്പെയിൻ നടത്തി നോക്കി. സിയാൽ ഏറ്റവും നല്ല മാതൃകയാണ്. കണ്ണൂർ വിമാനത്താവളം സക്സസ്സ്ഫുൾ മാതൃകയായിരിക്കും. പക്ഷെ അവിടെപ്പോലും നിക്ഷേപിക്കാൻ പ്രചാരണം നടത്തിയിട്ടും എൻ.ആർ.ഐ.കളുടെ ഷെയർ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ അങ്ങ് പറഞ്ഞ നിർദ്ദേശം കണക്കിലെടുത്ത് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടക്കുന്നത്. പ്രവാസികളുടെ വ്യവസായ സംരംഭവുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ സംസ്ഥാന ഗവൺമെന്റുതന്നെ നടപ്പാക്കിയിരുന്ന യംഗ് എന്റപ്രണേഴ്സ് സമ്മിറ്റിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രോജക്ടുകൾ വിദേശത്തുള്ള നിക്ഷേപകരുമായി ബന്ധപ്പെട്ടുകൊണ്ട് അത്തരം പദ്ധതികൾ കേരളത്തിൽ നടപ്പാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ വ്യവസായ വകുപ്പും പ്രവാസികാര്യ വകുപ്പും സംയുക്തമായി ആലോചിക്കുമോ; ഇന്ന് നിലവിലുള്ള ആളുകൾ കേരളത്തിൽ നിന്ന് പലഭാഗത്തേയ്ക്കും തൊഴിലിന് കൊണ്ടുപോകുന്ന സാഹചര്യത്തിൽ സ്വകാര്യ ഏജൻസികൾ മുമ്പെങ്ങും ഇല്ലാത്ത വിധം

ഇടപെടലുകൾ നടത്തുകയാണ്. ഈ അടുത്തകാലത്ത് നേഴ്സിംഗ് മേഖലയിൽതന്നെ കുവൈറ്റ് പോലുള്ള രാജ്യങ്ങളിലേയ്ക്ക് നടക്കുന്ന ഇന്റർവ്യൂവിൽ വളരെ വ്യാപകമായ തോതിൽ ലക്ഷക്കണക്കിന് രൂപ അവരിൽ നിന്നും ഈടാക്കിക്കൊണ്ടിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. നമുക്ക് ഒഡെപെക് എന്ന് പറയുന്ന നല്ലൊരു സംവിധാനമുണ്ട്. കേരള സർക്കാർ തന്നെ ഇത്തരം കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് തൊഴിലവസരങ്ങൾ പരമാവധി സർക്കാർ തലത്തിലൂടെതന്നെ കേരളീയർക്ക് ലഭ്യമാക്കിക്കൊടുക്കാൻ നപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ബഹുമാനപ്പെട്ട അംഗം ആദ്യം പറഞ്ഞതുപോലെ യംഗ് എന്റപ്രണേഴ്സ് സമ്മിറ്റിലെ ശുപാർശകൾ കണക്കിലെടുക്കാനും വ്യവസായ വകുപ്പുമായി ചേർന്ന് യുവ സംരംഭകർക്കുള്ള സഹായം നടപ്പിലാക്കാനും ഗവൺമെന്റ് ആലോചിക്കുന്നതാണ്. രണ്ടാമത്തെ കാര്യം, ഇപ്പോൾ കേരളത്തിലെ തൊഴിൽ അപേക്ഷകരെ ചൂഷണം ചെയ്യുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, കുവൈറ്റിലെ ജോലിക്ക് നഴ്സുമാരോട് വാങ്ങുന്നത് 20 ലക്ഷം രൂപവച്ചാണ്. ഇക്കാര്യം കുവൈറ്റ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇന്ത്യൻ എംബസി ഇടപെട്ടിട്ടുണ്ട്.

കുവൈറ്റിലെ ഗവൺമെന്റ് തയ്യാറാവുകയാണെങ്കിൽ അവിടേയ്ക്കാവശ്യമായ മുഴവൻ നേഴ്സുമാരെയും വ്യാവസായികമായി റിക്രൂട്ടുചെയ്യാൻ ഒഡെപെകും നോർക്കയും തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിലെ ജോലിക്ക് ആളുകളെ തെരഞ്ഞെടുക്കുമ്പോൾ സ്വകാര്യ ഏജൻസികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കണം. തീർച്ചയായും ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഇന്ത്യാ ഗവൺമെന്റിന്റേയും ബന്ധപ്പെട്ട ഗവൺമെന്റുകളുടെയും അനുവാദം ലഭിക്കുകയാണെങ്കിൽ ആ കാര്യത്തിൽ മുമ്പോട്ടുപോകുവാൻ സാധിക്കുന്നതാണ്. കുവൈറ്റിലേയ്ക്കുള്ള ഇന്റർവ്യൂന്റെ കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, നമ്മുടെ മലബാറുകാരായുള്ള ഗൾഫ് പ്രവാസികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കോഴിക്കോട് വിമാനത്താവളത്തെയാണ്. ഈ മെയ് മാസം മുതൽ ഒക്ടോബർ മാസം വരെ പകൽ 12.30 മുതൽ രാത്രി 8 മണിവരെ ആ വിമാനത്താവളത്തിന്റെ റൺവേ പൂർണ്ണമായും അടച്ചിടാൻ തീരുമാനിച്ചിരിക്കുകയാണ്. വൻകിട വിമാനങ്ങളെല്ലാം കോയമ്പത്തൂരിലേയ്ക്ക് വഴിതിരിച്ചുവിടാനാണ് ഇപ്പോൾ ആലോചിച്ചിരിക്കുന്നത്. ചെറുവിമാനങ്ങൾക്ക് മാത്രമേ ആ എയർപോർട്ടിലേയ്ക്ക്

സർവ്വീസ് നടത്താൻ പറ്റുകയുള്ളൂ. ഇത് വെക്കേഷൻ സമയമാണ്. ഗൾഫിലുള്ളവർ പലരും അവരുടെ ബന്ധുക്കളെയും കുടുംബക്കാരെയും കാണാൻ പോകുന്ന സമയമാണ്. ഏറ്റവും കൂടുതൽ യാത്രക്കാരുള്ള സമയവും ഹജ്ജിന്റെ സമയവുംകൂടിയാണ് അത്. വിമാനത്താവളത്തിന്റെ റൺവേ വികസനം അനന്തമായി നീളാതെ അതിന് ബദൽസംവിധാനം ഏർപ്പെടുത്തിക്കൊണ്ട് യാത്രക്കാരെ ബുദ്ധിമുട്ടിക്കാതെയുള്ള ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാർ തയ്യാറാകണം. ഇത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; എന്ത് നടപടിയാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേയെ സംബന്ധിച്ച് ഇവിടെ ഒരു സബ്മിഷൻ ശ്രീ. കെ. എൻ. എ. ഖാദർ തന്നിട്ടുണ്ട്. ഏതായാലും ഈ ചോദ്യം ഉന്നയിച്ചതുകൊണ്ട് പറയുകയാണ്, കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ സ്ട്രെങ്ത്തനിംഗ് ആന്റ് റീകാർപ്പറ്റിംഗ് ജോലികൾ ചെയ്യുന്നതിനായാണ് ഇപ്പോൾ റീഷെഡ്യൂൾ ചെയ്യാൻ വിമാനക്കമ്പനികളോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇങ്ങനെ റൺവേയുടെ സ്ട്രെങ്ത്തനിംഗും റീകാർപ്പറ്റിംഗും നടന്നില്ലെങ്കിൽ വിമാനം ഇറങ്ങാൻ

പ്രയാസവും അപകടങ്ങൾ ഉണ്ടാകുകയും ചെയ്യും. ആ ഒരു സാഹചര്യത്തിലാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ഇത്തരം ഒരു മാറ്റത്തിന് ആവശ്യപ്പെട്ടിട്ടുള്ളത്. അത് നമുക്ക് ഒഴിവാക്കാനും സാധിക്കുന്നതല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, വളരെ പ്രതീക്ഷയോടുകൂടി വിദേശത്ത് ജോലി ചെയ്യുകയും ബിസിനസ് ചെയ്യുകയും ചെയ്യുന്നവർ നിരാശയോടുകൂടി മടങ്ങിവരുന്ന ഒരു സന്ദർഭത്തിലാണ് പുനരധിവാസ പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. ഇത് ഏറെ സഹായകരമാണ്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും ബിസിനസ് ചെയ്യുന്നവർക്കും ചുരുങ്ങിയ കാലയളവ് അവിടെ ജോലി ചെയ്യണമെന്ന് നിർബന്ധമുണ്ടോ; അതിനെ സംബന്ധിച്ച് എന്താണ് ഗവൺമെന്റിന്റെ നടപടി; മറ്റ് ഏതെങ്കിലും വിദേശരാജ്യങ്ങളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഒരു രാജ്യത്തെയും ഒഴിവാക്കിയിട്ടില്ല. NDPREM പദ്ധതി അതായത് പ്രവാസികളുടെ റീഹാബിലിറ്റേഷന് അർഹതയുണ്ടാവണമെങ്കിൽ രണ്ട് കൊല്ലമെങ്കിലും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തിരിക്കണമെന്നാണ്. ആ രണ്ടുകൊല്ലം അവിടെ

താമസിച്ച് മടങ്ങി വരുന്നവരെ സഹായ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> സർ, അനേകമാളുകൾ ഇവിടെ പറഞ്ഞതാണ്. അനേകം ആളുകൾ ജയിലുകളിൽ കിടക്കുന്നു, അസുഖം വന്ന് ഹോസ്പിറ്റലിൽ കിടക്കുന്നു, മരിച്ചവരെയെല്ലാം നാട്ടിലെത്തിക്കാൻ നോർക്ക ശ്രമിക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ എംബസികളുടെ സഹകരണമില്ലെന്ന് അങ്ങുതന്നെ പറഞ്ഞു. തീർച്ചയായും ഫിലിപ്പൈൻസിന്റെ എംബസിയാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത്. ഇപ്പോൾ യു.എ.ഇ.യുടെ ചാർജ്ജുള്ളത് ഒരു മലയാളിക്കാണ്. തീർച്ചയായും നോർക്കാ വകുപ്പ് അതിന് മുൻകയ്യെടുത്ത് അവരെ കൊണ്ടുവരാൻ ശ്രമിക്കണം. അതുപോലെതന്നെ മാറിമാറിവരുന്ന സർക്കാരുകൾ പ്രവാസികൾക്കായി പല ഇൻഷ്വറൻസുകളും ക്ഷേമപദ്ധതികളും കൊണ്ടുവരുന്നുണ്ട്. പക്ഷെ ഇതൊന്നും ആരും അറിയുന്നില്ല. ലേബർ ക്യാമ്പുകളിലും മറ്റും കഴിയുന്ന പാവങ്ങൾക്ക് ഇത് അറിയാൻ കഴിയുന്നില്ല. ഈ പദ്ധതികളിൽ ചേരാൻ കഴിയുന്നില്ല. കേരളത്തിന് പുറത്തുള്ള മുഴുവൻ മലയാളികളുടെയും ഡീറ്റെയ്ൽസ് അപ്‌ലോഡ് ചെയ്യാൻ കഴിയുന്ന ഒരു ഡേറ്റാ ബാങ്കിന് നോർക്കയുടെ വെബ്സൈറ്റിൽ ഒരു സംവിധാനം ഉണ്ടാക്കണമെന്നത് ഒരു വർഷം മുമ്പ് ഞാൻ അങ്ങയുടെ

ശ്രദ്ധയിൽ കൊണ്ടുവന്നു. അന്ന് ഉദ്യോഗസ്ഥരുമായി ഒരു യോഗവും വിളിച്ചിരുന്നു. അതിനുശേഷം ഒരു നടപടിയും ഉണ്ടായതായി കാണുന്നില്ല. അക്കാര്യം നടപ്പിലാക്കിക്കൊണ്ട് എത്ര പേർക്ക് സഹായം വേണം, ലോകത്ത് എവിടെയൊക്കെ ഏതൊക്കെ മലയാളികളുണ്ട് എന്നറിയാനുള്ള ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ ഇനിയെങ്കിലും നടപടി സ്വീകരിക്കുമോ; നേരത്തെ തുടങ്ങിയ നടപടി എവിടെവരെയായി?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് നേരത്തെ ഉന്നയിച്ച ഒരു ആവശ്യമായിരുന്നു ഇത്. ഒരുവട്ടം ചർച്ചകൾ നടത്തി. തീർച്ചയായും അത് വളരെ സ്വാഗതാർഹമായ കാര്യമാണ്. വിദേശമലയാളികളുടെ ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നും സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാജു: സർ, നമ്മുടെ പ്രവാസികൾക്ക് ക്ഷേമനിധി ആരംഭിച്ചപ്പോൾ ആദ്യം മുതൽ ഉയർന്നുവന്ന ആവശ്യമാണ് ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധിയിൽ മാറ്റംവരുത്തുകയെന്നുള്ളത്. പ്രായപരിധിയിൽ മാറ്റംവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പലപ്രാവശ്യം അങ്ങ് അസംബ്ലിയിൽ ഉറപ്പുനൽകിയതാണ്. എന്നാൽ ഇതുവരെ

യാതൊന്നും സംഭവിച്ചില്ല എന്നുള്ളതാണ് വസ്തുത. യഥാർത്ഥത്തിൽ ധാരാളം ആളുകൾ ഇതിന്റെ പുറത്തായി പോകുന്ന ഒരു സാഹചര്യമാണുള്ളത്. അതിന് പരിഹാരം കാണാൻ വേണ്ടി പരിശ്രമിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ പ്രായപരിധി 55-ൽ നിന്നും 60 ആക്കാനുള്ള ബിൽ ക്യാബിനറ്റ് അംഗീകരിക്കുകയും സർക്കുലേറ്റ് ചെയ്യുകയും ചെയ്തു. സഭയിൽ അവതരിപ്പിക്കാൻ സാധിച്ചില്ല. ആ ബിൽ ഇപ്പോഴും ലൈവാണ്. സഭാ സമ്മേളന കാലയളവിൽ സൗകര്യമുണ്ടെങ്കിൽ അവതരിപ്പിച്ച് പാസ്സാക്കാൻ ശ്രമിക്കുന്നതുമാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)